# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2710 — 14/02/2013-ൽ മറുപടിയ്ക്ക്

## ചേർത്തല മണ്ഡലത്തിൽ നടപ്പിലാക്കിയ ഇറിഗേഷൻ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ. | ശ്രീ.പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

എ) ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ ഇറിഗേഷൻ പ്രവൃത്തികൾ ഏതെല്ലാമെന്നും; അതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

എ) മൈനർ ഇറിഗേഷൻ, ചേർത്തല ഓഫീസിന്റെ അധികാര പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) തോടുകളുടെ സംരക്ഷണം - 49,46,868/-രൂപ
2) അന്ധകാരനാഴി റെഗുലേറ്ററിന്റെ അറ്റകുറ്റപ്പണികൾ - 7,31,278/-രൂപ
3) ഓരുമുട്ടുകൾ - 19,27,158/-രൂപ
4) സ്ലൂയിസ് നിർമ്മാണം - 5,00,000/-രൂപ

**ചേർത്തല നിയോജക മണ്ഡലത്തിൽ മേജർ ഇറിഗേഷൻ നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

1) IWT (SS) ചേർത്തല നിയോജകമണ്ഡലത്തിലെ മുഹമ്മ പഞ്ചായത്തിലെ നാലാം വാർഡിലുള്ള കുളക്കോഴിച്ചിറ ബോട്ടുജെട്ടിയുടെ ബോട്ടുചാൽ ആഴം കൂട്ടൽ

തുക - 3,29,150/-രൂപ

2) ചേർത്തല നിയോജകമണ്ഡലത്തിലെ ചേർത്തല നഗരസഭയിലെ 6ാം വാർഡിലെ മണലിൽ പാലത്തിന് വടക്കോട്ട് മണികണ്ഠൻ കായലിന്റെ കിഴക്കേതീരത്തിന്റെ തീരസംരക്ഷണം.

തുക - 4,34,985/- രൂപ

3)ചേർത്തല നിയോജകമണ്ഡലത്തിലെ മീൽ കനാൽ പാലം മുതൽ വയലാർ കായൽ

വരെയുള്ള മീൽ കനാലിന്റെ സംരക്ഷണ ജോലികൾ

തുക - 7,89,135/-രൂപ

4)ചേർത്തല നിയോജകമണ്ഡലത്തിലെ ചേർത്തല സൗത്ത് പഞ്ചായത്തിൽ അർത്തുങ്കൽ ബസലിക്കയുടെ തെക്കുള്ള തോടിന്റെ ഇരുകരകളുടെയും സംരക്ഷണം

തുക - 5,25,198/- രൂപ

5)ചേർത്തല നിയോജകമണ്ഡലത്തിൽ പട്ടണക്കാട് പഞ്ചായത്തിലെ ബി.എൽ.എസ് 195നും ബി.എൽ.എസ് 197നും മദ്ധ്യേ ചെയിനേജ് 117.528 കി.മീ മുതൽ ചെയിനേജ് 117.588 കി.മീ വരെയും ചെയിനേജ് 117. 645 കി.മീ മുതൽ ചെയിനേജ് 117. 685 കി.മീ വരെയുള്ള 50 മീറ്റർ കടൽ ഭിത്തിയുടെ പുനരുദ്ധാരണ പണികൾ

തുക - 20,48,737/- രൂപ

6) നബാർഡ് - ആർ.ഐ.ഡി.എഫ് 16- മുഹമ്മ പഞ്ചായത്തിലെ മുപ്പിരിത്തോടിന്റെ പുനരുദ്ധാരണ ജോലികൾ

തുക - 69,34,744/- രൂപ

7) നബാർഡ് - ആർ.ഐ.ഡി.എഫ് 16- പള്ളിപ്പുറം-തണ്ണീർമുക്കം പഞ്ചായത്തുകളിലുൾപ്പെടുന്ന ചെങ്ങണ്ടയാറിന്റെ വേമ്പനാട്ട് കായലിന്റെ മുഖപ്പു മുതൽ പടിഞ്ഞാറോട്ടുള്ള ഇരുകരകളുടെയും തീര സംരക്ഷണം

തുക 94,04,471/- രൂപ

**നടപ്പിലാക്കി വരുന്ന പ്രവർത്തികൾ**

1) ചേർത്തല നിയോജകമണ്ഡലത്തിലെ ചേർത്തല നഗരസഭയിൽ റസ്റ്റ് ഹൗസിനോട് ചേരുന്നുള്ള ടി.ബി കനാലിന്റെ സംരക്ഷണം
   തുക 20 ലക്ഷം രൂപ
2) ചേർത്തല നിയോജകമണ്ഡലത്തിലെ ചേർത്തല നഗരസഭയിലെ ടി,ബി. കനാലിനോട് ചേർന്നുള്ള നടപ്പാതയുടെ നിർമ്മാണം
   തുക 25 ലക്ഷം രൂപ

| | |
|---|---|
| ബി) വരുന്ന സാമ്പത്തിക വർഷം ചേർത്തല മണ്ഡലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന ഇറിഗേഷൻ പ്രവൃത്തികൾ ഏതെല്ലാമെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് എന്തു തുക അനുവദിക്കുമെന്നും വ്യക്തമാക്കുമോ? | ബി) മൈനർ ഇറിഗേഷൻ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വികസന പദ്ധതികൾ<br>കുട്ടനാട് പാക്കേജിന്റെ Phase-I-ൽ ഉൾപ്പെട്ടതും ചേർത്തല ഓഫീസിന്റെ അധികാരത്തിലുള്ളതുമായ 7 പാടശേഖരങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ വരുന്ന സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

പാടശേഖരങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ Phase-II-ൽ ഉൾപ്പെടുത്തി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുതമതി ലഭിച്ച അന്ധകാരനാഴി റെഗുലേറ്ററുകളുടെ മെക്കാനിക്കൽ മെയിന്റനൻസ് പ്രവൃത്തി 13-ാം ധനകാര്യ കമ്മിഷന്റെ ഫണ്ട് ഉപയോഗിച്ച് വരുന്ന സാമ്പത്തികവർഷം നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടനാട് പാക്കേജ് Phase-I-ലെ പദ്ധതികളുടെ അട ങ്കൽ തുക 658.80 ലക്ഷമാണ് . ഇതിൽ 25% തുക സംസ്ഥാന വിഹിതവും 75% തുക കേന്ദ്ര വിഹിതവുമാണ്.

Phase-II-പദ്ധതികളുടെ എസ്റ്റിമേറ്റ് തുക 467. 50 ലക്ഷമാണ്.

അന്ധകാരനാഴി റെഗുലേറ്ററുകളുടെ അറ്റകുറ്റപ്പണിയുടെ എസ്റ്റിമേറ്റ് തുക 3.50 കോടിയാണ്.

**മേജർ ഇറിഗേഷൻ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വികസന പദ്ധതികൾ**

1) ചേർത്തല നിയോജകമണ്ഡലത്തിലെ ചേർത്തല തെക്ക് പഞ്ചായത്തിലെ അർത്തുങ്കൽ പാലത്തിന് കിഴക്കോട്ടുള്ള അർത്തുങ്കൽ പൊഴിയുടെ ഇരുകരകളുടെയും സംരക്ഷണം

   തുക - 10.40 ലക്ഷം.

   ഭരണാനുമതി നൽകിയിട്ടുണ്ട്.

2) നബാർഡ് ആർ.ഐ.ഡി.എഫ്-18 ചേർത്തല നിയോജക മണ്ഡലത്തിൽ ചേർത്തല തെക്ക് - പഞ്ചായത്തിലെ ആയിരം തൈയ്യിൽ ബി.എൽ.എസ് 170 നും ബി. എൽ. എസ് 173നും മദ്ധ്യേ 4 പുലിമുട്ടുകൾ ചേർന്ന ഒരു പുലിമുട്ട് ശൃംഖലയുടെ നിർമ്മാണം.

   തുക - 570 ലക്ഷം.

പ്രോജക്ട് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി. എഫ്-18-ൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ